**പതിന്നാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.158 28.06.2016-ൽ മറുപടിക്ക്**

**കായംകുളം താലൂക്കാശുപത്രി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീമതി യു. പ്രതിഭാ ഹരി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) ദേശീയപാതയിലടക്കം ദിനംപ്രതി ഉണ്ടാകുന്ന വാഹന അപകടങ്ങളെ തുടർന്ന് കായംകുളം താലൂക്കാശുപത്രിയിൽ എത്തിച്ചേരുന്നവരെ സർജന്റെ സേവനം ലഭ്യമല്ലാത്തതിനാൽ വളരെ ദൂരെയുള്ള മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യുന്നതു മൂലം വഴിമദ്ധ്യേ ജീവഹാനി സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കായംകുളം താലൂക്ക് ആശുപത്രിയിൽ അടിയന്തരമായി ഒരു സർജനെ നിയമിക്കുന്നതിനും ട്രോമാകെയർ, ഡയാലിസിസ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? | (എ) കായംകുളം താലൂക്കാശുപത്രിയിൽ സർജനെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. കായംകുളം താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് മുഖേന തുടങ്ങി വച്ചിട്ടുണ്ട്. ട്രോമാ കെയർ യൂണിറ്റിന് അനുവദിച്ച ഉപകരണങ്ങളുടെ വിതരണത്തിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ